പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *294 — 23.03.2015 ലെ മറുപടിയ്ക്ക്

**ഗ്ലോബൽ അഗ്രോ മീറ്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. കെ.മുരളീധരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഗ്ലോബൽ അഗ്രോ മീറ്റ് നടത്തിയിട്ടുണ്ടോ; | (എ) | എറണാകുളം ജില്ലയിലെ അങ്കമാലിയിൽ വച്ച് 2014 നവംബർ 6, 7 തീയതികളിലായി ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത്; | (ബി) | ഗ്ലോബൽ അഗ്രോ മീറ്റ് വഴി താഴെ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചത്.<br>• കേരളത്തിന്റെ സവിശേഷമായ മണ്ണിലും കാലാവസ്ഥയിലും വിളയുന്ന വ്യത്യസ്തമായ ഉൽപന്നങ്ങളുടെ മേന്മയും മൂല്യവും ലോകവിപണികളെ അറിയിച്ച് ആഗോള വിപണി കണ്ടെത്തുക.<br>• യുവസംരംഭകരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>• ഓർഗാനിക് കൃഷി, ഫുഡ് പ്രോസസിംഗ്, മറൈൻ എക്സ്പോർട്ട്, ലാന്റ് സ്കേപ്പിംഗ്, പൈനാപ്പിൾ കൃഷി തുടങ്ങിയ മേഖലകളിൽ വ്യവസായം നടത്തുന്നതിന് നടപടി സ്വീകരിക്കുക.<br>• പഴം, പച്ചക്കറി, പൂക്കൾ എന്നിവയുടെ പോളിഹൗസ് കൃഷി പ്രോത്സാഹിപ്പിക്കുക.<br>• ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരും വിദേശ സംരംഭകരും കാർഷിക മേഖലയിൽ വ്യവസായം ആരംഭിക്കുന്നതിനുള്ള പശ്ചാത്തലം ഒരുക്കുക. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടത്; | (സി) | ഗ്ലോബൽ അഗ്രോ മീറ്റുമായി ബന്ധപ്പെട്ട് 2014 നവംബർ 6, 7 തീയതികളിൽ ഒൻപത് ടെക്നിക്കൽ സെഷനുകളിലായി താഴെ പറയുന്ന വിഷയങ്ങൾ ചർച്ച ചെയ്തു.<br>1. ഇന്ത്യ ഒരു ആഗോള കാർഷിക ശക്തികേന്ദ്രം.<br>2. കൃഷി അനുബന്ധ മേഖലകളിലെ മികച്ച കാർഷിക പരിപാലന രീതികൾ.<br>3. മത്സ്യമേഖലയിലെ നൂതന സംരംഭങ്ങൾ.<br>4. പ്ലാന്റേഷൻ ടൂറിസം.<br>5. സൂക്ഷ്മ ജലസേചനത്തിലൂടെ കൂടുതൽ വിളവ്.<br>6. ജൈവകാർഷിക ഉൽപാദനത്തിൽ മൃഗസംരക്ഷണ മേഖലയുടെ പങ്ക്.<br>7. വിവര സാങ്കേതിക വിദ്യ കാർഷിക മേഖലയുടെ വളർച്ചയ്ക്ക്.<br>8. കാർഷിക വിളകളുടെ സംസ്കരണം - അടിസ്ഥാന സൗകര്യ വികസനം ശീതീകരണ ശൃംഖലയിലൂടെയും സംഭരണ സംവിധാനത്തിലൂടെയും.<br>9. ആഭ്യന്തര ഉപഭോഗം, കയറ്റുമതി നിയന്ത്രണ സംവിധാനങ്ങൾ |
| (ഡി) | എന്തെല്ലാം തുടർ നടപടികളാണ് ഇതോടനുബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത് ? | ഡി) | കർഷകരുടെ അഭിപ്രായങ്ങൾ ക്രോഡീകരിച്ചു. ഗ്ലോബൽ അഗ്രോ മീറ്റ് കാർഷിക രംഗത്ത് ഒരു മുന്നേറ്റം തന്നെ സൃഷ്ടിക്കുന്നതിന് കളമൊരുക്കിയ പശ്ചാത്തലത്തിൽ വരും വർഷങ്ങളിലും മീറ്റ് സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. 2015- ൽ പ്രസ്തുത മീറ്റ് നവംബർ 6 മുതൽ 8 വരെ നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. 2014 നവംബറിൽ ചേർന്ന മീറ്റിൽ ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ